**ഇന്ത്യ- ദക്ഷിണ ആഫ്രിക്ക സംയുക്ത കമ്മീഷന്റെ (JMC) ഒൻപതാമത് യോഗം**

മെയ് 19, 2015

ഇന്ത്യ- ദക്ഷിണ ആഫ്രിക്ക സംയുക്ത കമ്മീഷന്റെ (JMC) ഒൻപതാമത് യോഗം ഡർബനില് മെയ് 19, 2015നു നടന്നു . യോഗത്തിൽ വിദേശകാര്യ മന്ത്രി മിസ്
മൈത്തേ കോവന-മഷാബാനെയും കേന്ദ്ര വിദേശകാര്യ മന്ത്രിയും ഓവർസീസ്
ഇന്ത്യൻ അഫയേഴ്സ് മന്ത്രിയുമായ ശ്രീമതി സുഷമ സ്വരാജും അധ്യക്ഷപദം പങ്ക്
വച്ചു. ജെ എം സിയുടെ കീഴിൽ ഉള്ള ഏഴു ഉപ സമിതികളിലെയും ഉദ്യോഗസ്ഥർ
യോഗത്തിൽ പങ്കെടുത്തു .

ജെഎംസി കൂടുതൽ പ്രതിഫലയോഗ്യമാക്കുവാന് വേണ്ടി സഹകരണത്തിനുള്ള
ഒരു അഞ്ചു വർഷ തന്ത്രപ്രധാന പരിപാടിയുടെ ചട്ടക്കൂടിന് കീഴില് പ്രവർത്തിക്കാമെന്ന് ഇരു മന്ത്രിമാരും തീരുമാനിച്ചു. സഹകരണത്തിനുള്ള മുൻഗണനാ മേഖലകള് അവര് തിരിച്ചറിഞ്ഞു. അവ : പ്രതിരോധം, ആഴ - ഖനനം ,
ശാസ്ത്ര സാങ്കേതികവിദ്യ , കൃഷി , ഭക്ഷ്യ സംസ്ക്കരണം, ഇൻഷൂറൻസ് എന്നിവയാണവ . ഇത്തിനുള്ള സൌകര്യത്തിന് വേണ്ടി വ്യാപാരം & സാമ്പത്തിക
കാര്യങ്ങൾക്ക് ഒരു പുതിയ സംയുക്ത കർമ്മ സംഘം ആരംഭിക്കും. അതിനു
പുറമെ ഇന്ത്യ- ദക്ഷിണാഫ്രിക്ക പ്രിഫെറൻഷ്യല് ട്രേഡ് കരാറിന് (India-South Africa Preferential Trade Agreement (PTA) )വേണ്ടിയുള്ള
ഇടപാടുകൾ ആരംഭിക്കുവാന് ദക്ഷിണാഫ്രിക്ക ഒരു നിർദേശം വച്ചു . ഇന്ത്യൻ വിഭാഗം അത് സ്വാഗതം ചെയ്തു. ഈ വിഷയത്തിൽ കൂടുതല് ചർച്ചകള് നടത്തും.

ശാസ്ത്ര സാങ്കേതിക വിദ്യക്കു ഒരു പുതിയ ഉപ സമിതി ഉണ്ടാക്കുവാനും ,
മൈക്രോ, ചെറുകിട, ഇടത്തര സംരംഭങ്ങള് പ്രോത്സാഹിപ്പിക്കാനും തീരുമാനിച്ചു.

ജെഎംസിക്ക് മുന്നോടിയായി മന്ത്രി ശ്രീമതി സുഷമ സ്വരാജ് ആദരണീയനായ
പ്രസിഡണ്ട് ജേക്കബ് സുമയുമായി കൂടിക്കാഴ്ച നടത്തുകയും ന്യൂഡെൽഹിയില്
ഒക്ടോബർ 2015 ല് നടക്കാന് പോകുന്ന മൂന്നാമത് ഇന്ത്യാ- ദക്ഷിണ ആഫ്രിക്ക ഫോറം ഉച്ചകോടിയില് പങ്കെടുക്കുവാന് പ്രസിഡണ്ട് ജേക്കബ് സുമയെ
ആദരണീയനായ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ക്ഷണിച്ചത് അറിയിക്കുകയും
ചെയ്തു. ഉച്ചകോടിയിൽ പങ്കെടുക്കുവാന് വിദേശകാര്യ മന്ത്രി മഷാബാനെയേ
കേന്ദ്ര വിദേശകാര്യ മന്ത്രി ക്ഷണിക്കുകയും ചെയ്തു. തങ്ങൾക്കുള്ള ക്ഷണത്തിന് പ്രസിഡണ്ട് സുമായും മന്ത്രി മഷാബാനയും അഭിനന്ദങ്ങൾ അറിയിച്ചു . വിജയകരമായ ഉച്ചകോടിക്ക് തങ്ങളും കാത്തിരിക്കുന്നു എന്നു
അവർ അറിയിച്ചു .

ന്യൂക്ലിയാർ സപ്ലൈയേഴ്സ് ഗ്രൂപ്പില് (എൻഎസ്ജി ) ഇന്ത്യയുടെ അംഗത്വത്തെ ദക്ഷിണാഫ്രിക്ക പിന്തുണക്കുമെന്ന് മന്ത്രി മഷാബാനെ ഉറപ്പ് നല്കി .

ഇരു മന്ത്രിമാരും ബ്രിക്സ്, ഐബിഎസ്എ മു ഐഒആർഎ , തീവ്രവാദവിരുദ്ധ
പ്രവർത്തനങ്ങള് , സൈബർ സുരക്ഷ, ബഹുമുഖ സ്ഥാപനങ്ങളുടെ പരിഷ്കാരം ,
പ്രത്യേകിച്ചും ഐക്യരാഷ്ട്ര സുരക്ഷാ കൌൺസില് , തുടങ്ങിയ മേഖലാ ബഹുമുഖ
വിഷയങ്ങൾ ചർച്ച ചെയ്തു. ഏറ്റവും പെട്ടെന്നു ഐക്യരാഷ്ട്ര സുരക്ഷാ കൌൺസില് പരിഷ്കരണം വളരെ ആവശ്യമാണെന്ന് അവര് തിരിച്ചറിഞ്ഞു.
ഐക്യരാഷ്ട്രസഭയുടെ എഴുപതാം വാർഷികം വരുന്നത് പരിഷ്കാര പ്രക്രിയ
വേഗത്തിൽ ആക്കാനും ഒരു ശക്തമായ ഫലം ഉണ്ടാകാനും ഇതൊരു വലിയ അവസരം
ആയിരിക്കുമെന്നും അവർ പറഞ്ഞു.

മന്ത്രി സുഷമ സ്വരാജും മന്ത്രി മഷാബാനയും സംയുക്ത മന്ത്രിതല

സമിതിയുടെ
അടുത്ത യോഗം 2017 ല് ഇന്ത്യയില് പരസ്പരം സൌകര്യമുള്ള
തീയതികളിൽ
നടത്താമെന്ന് തീരുമാനിച്ചു .

ഡർബന്,
മെയ് 19, 2015